കേന്ദ്രസർവ്വീസുകളിലേക്ക് കേരളത്തിലുള്ളവർക്കുള്ള വെരിഫിക്കേഷൻ സമ്പ്രദായം

* [97] 98. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് :
,, ഒ. ഭരതൻ :
,, വി. ജെ. തങ്കപ്പൻ :
,, വി. കേശവൻ :
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സ്വയം മറുപടി നൽകുമോ :

(എ) കേന്ദ്രസർവ്വീസുകളിലേക്ക് കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്നവരുടെ സ്വഭാവവും പൂർവ്വചരിത്രവും അറിയാൻ സ്പെഷ്യൽ വെരിഫിക്കേഷൻ നടത്തുന്ന സമ്പ്രദായം നിലനിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്രസർക്കാരിനോടാവശ്യപ്പെടുമോ ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) മറ്റ് സംസ്ഥാനങ്ങളിലെ രീതിക്ക് വ്യത്യസ്തമായി കേരളത്തിലെ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം വെരിഫിക്കേഷൻ പൂർത്തിയായതിനുശേഷം മാത്രമേ നിയമനം നടത്തുകയുള്ളു എന്ന രീതി പുനഃപരിശോധിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനിടെ ഇപ്പോഴത്തെ വെരിഫിക്കേഷൻ രീതി ഭരണഘടനാ വ്യവസ്ഥകൾക്കനുയോജ്യമല്ലെന്ന് സുപ്രീം കോടതിയുടെ ഒരു വിധിയും ഉണ്ടായിട്ടുള്ളതായി പത്രവാർത്തയുണ്ടായിരുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : കേരളം,, പശ്ചിമബംഗാൾ, ത്രിപുര എന്നീ മൂന്നു സംസ്ഥാനങ്ങളിലേക്കുമാത്രം ഇങ്ങനെയൊരു പ്രത്യേക വെരിഫിക്കേഷൻ സമ്പ്രദായം സ്വീകരിക്കാൻ ഉള്ള കാരണമെന്താണെന്നുള്ളത് അന്വേഷിച്ചിട്ടുണ്ടോ ; ഇവിടെ ശാസ്ത്രീയ സോഷ്യലിസത്തിന്റെ പ്രത്യയശാസ്ത്രത്തിനെ കുറേയാളുകൾ സ്വാധീനിക്കാനുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണോ ?

ശ്രീ. കെ. കരുണാകരൻ : നമ്മുടെ വെരിഫിക്കേഷൻ നിർത്തൽ ചെയ്യുകയുണ്ടായി. അതേ അവസരത്തിൽ കേന്ദ്രഗവൺമെന്റിൽ വെരിഫിക്കേഷനിൽ പൊളിറ്റിക്കൽ കൺസിഡറേഷൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ വെരിഫൈ ചെയ്യാൻ സാധിക്കുകയില്ലായെന്ന് സ്റ്റേറ്റ് ഗവൺമെന്റ് അന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് അവർ അതിനേറ്റായ ഒരു ഏജൻസിയെ ഏർപ്പെടുത്തി വെരിഫിക്കേഷൻ നടത്തിയിട്ടുണ്ട്. ഇപ്പോഴായാലും സംസ്ഥാനവും സംസ്ഥാനവും തമ്മിൽ വിവേചനമുണ്ടാകുന്നുവെന്നുള്ള കാര്യത്തിൽ ശക്തിയായ ഭാഷയിൽതന്നെ, ഞാൻ വ്യക്തിപരമായി കേന്ദ്രമന്ത്രിക്ക് എഴുതിയിട്ടുണ്ട്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ഇത്, രണ്ടുതരം പൗരൻമാർ ഇൻഡ്യയിലുണ്ട് എന്നുള്ളതിന്റെ സമീപനമാണ് എന്നതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയുടെ അഭിപ്രായം ഗവൺമെന്റ് ഭാഗത്തുനിന്നുതന്നെ ഒരു പ്രമേയമായി അവതരിപ്പിച്ചു പാസ്സാക്കി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഗവൺമെന്റ് സന്നദ്ധമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : ഞാൻ ജനങ്ങളുടെ വികാരമാണ് കേന്ദ്രത്തെ അറിയിച്ചിട്ടുള്ളത്. അതിന് വിപരീതമായി എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർക്ക് പ്രമേയം കൊണ്ടുവരാം.

ശ്രീ. വി. ജെ. തങ്കപ്പൻ : അങ്ങ് കോൺഗ്രസ് (ഐ) ഹൈക്കമാൻറിലെ ഒരു പ്രധാന നേതാവാണ്. അതുകൊണ്ടാണ് ഈ ചോദ്യം ഇങ്ങനെ ചോദിക്കേണ്ടി വരുന്നത്. വിഘടനവാദം ഉയർത്തുന്ന പഞ്ചാബ്, ആസ്സാം, അതുപോലെ തന്നെ തീവ്രവാദികൾക്ക് വളരെയധികം സ്വാതന്ത്ര്യമുള്ള—ദൈനംദിനം ആളുകളെ കൊല്ലുന്ന പഞ്ചാബ്—അവിടെങ്ങുമില്ലാത്തൊരു സ്പെഷ്യൽ വെരിഫിക്കേഷൻ കേരള സംസ്ഥാനത്ത് നിലനിൽക്കുന്നത് അടിയന്തിരമായി മാറ്റിയെടുക്കണമെന്ന് അങ്ങേക്ക് അഭിപ്രായമുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ഒരുനിമിഷവും വൈകരുത് എന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ശ്രീ. വി. ജെ. തങ്കപ്പൻ : ഭരണഘടനാവിരുദ്ധമാണ് ഈ വെരിഫിക്കേഷൻ എന്ന് സുപ്രീംകോടതിതന്നെ വിധിച്ചിരിക്കെ എന്തുകൊണ്ടാണ് ഇത് വീണ്ടും തുടരുന്നതെന്ന് അങ്ങ് പ്രത്യേകം അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : അതിന്റെ നടപടി നടത്തിവരുന്നു എന്നാണറിയുന്നത്. കൂടുതൽ വിവരങ്ങൾ അന്വേഷിക്കാം.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : സ്പെഷ്യൽ വെരിഫിക്കേഷൻ സമ്പ്രദായം എത്ര കാലത്തിനുമുമ്പാണ് നടപ്പിലാക്കിയത് ? ഏതെങ്കിലും കാലഘട്ടത്തിൽ ഈ സ്പെഷ്യൽ വെരിഫിക്കേഷൻ സമ്പ്രദായം കേരളത്തിന് ബാധകമാകാതിരുന്നിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : 1968-നുശേഷം തുടർച്ചയായി ഉണ്ടെന്നാണ് എന്റെ ഓർമ്മ.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് 1968-ൽ എന്നാണ്. ആ വർഷം തെറ്റാണ്. 1957-ൽ ആണ്, പക്ഷേ മുഖ്യമന്ത്രി 11 വർഷം കഴിഞ്ഞതിനുശേഷമേ അറിഞ്ഞിട്ടുണ്ടാകൂ. 1957-ൽ ഇവിടെ വന്നിട്ടുള്ള ആദ്യത്തെ ഗവൺമെൻറുതന്നെ ഈ സ്പെഷ്യൽ വെരിഫിക്കേഷൻ സമ്പ്രദായം തെറ്റാണെന്നു കണ്ട് നിറുത്തുകയുണ്ടായി. ശ്രീ. ഇ. എം. എസ്സിന്റെ കാലത്തുതന്നെ ഈ തത്വം അംഗീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1968-ലേത് മാത്രമേ അംഗീകരിച്ചുകാണുകയുള്ളൂ. ഇതിൽ സുപ്രീംകോടതി പറഞ്ഞിട്ടുള്ളത് " "Ours is a free Society where all citizens are entitled to be treated alike ; irrespective of State, of their origin or birth. There is no justification for such discriminatory treatment". ഇപ്പോഴും 30 കൊല്ലക്കാലം തുടർന്നുവന്നിട്ടുണ്ട്, ഈ സിസ്റ്റം. ഈ സിസ്റ്റത്തിനെതിരായുള്ള ഒരു നിലപാട് ഉന്നതനീതിപീഠംതന്നെ എടുത്തിരിക്കുന്നു. നമ്മുടെ ദേശീയോത്ഗ്രഥനത്തിൽ വെള്ളം ചേർക്കാൻ ഈ സ്പെഷ്യൽ വെരിഫിക്കേഷൻ സഹായിച്ചിട്ടുണ്ട്. മാർക്കാത്തിസം ഈ രാജ്യത്ത് നടപ്പിലാക്കി. ഇപ്പോഴും മുഖ്യമന്ത്രി പറയുന്നു അദ്ദേഹം ഒറ്റക്ക് എഴുതിയിട്ടുണ്ടെന്ന് ! 11 കൊല്ലം കഴിഞ്ഞെങ്കിലും തോന്നിയല്ലോ ! എന്തായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിധി വരുന്നതിനുമുമ്പുതന്നെ എഴുതിയിട്ടുണ്ടോ ? അതോ ഈ വിധി വന്നതിനുശേഷമാണോ എഴുതിയത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ : വിധി വരുന്നതിന് വളരെ മുമ്പാണ് എഴുതിയത്. 1978-ലെ ഗവൺമെന്റാണ് ഈ വെരിഫിക്കേഷൻ നടത്താമെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അത് നടന്നിരുന്നു. പിന്നീടാണ് അത് റദ്ദ് ചെയ്തത്. ഇപ്പോഴും അത് തുടരാൻ പാടില്ലായെന്ന് വ്യക്തമായി കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്.

നേഴ്സുമാരുടെ ജോലി സമയം

* 98. [99] ശ്രീ. എം. ജിനദേവൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ഒ. ഭരതൻ :
,, ലോനപ്പൻ നമ്പാടൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നേഴ്സുമാരുടെ ജോലി സമയം 8 മണിക്കൂറായി നിശ്ചയിച്ചുകിട്ടണമെന്ന് ആരോഗ്യവകുപ്പിലെ നേഴ്സുമാർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) :

(എ) ഉണ്ട്.

(ബി) നേഴ്സുമാരുടെ ജോലി സമയം 8 മണിക്കൂറാക്കണമെന്ന് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടില്ല. സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ നിലവിലുള്ള ജോലി സമയം ഇപ്രകാരമാണ്.

ആദ്യ ബാച്ച് : രാവിലെ 8 മണി മുതൽ വൈകുന്നേരം 4 മണി വരെ (8 മണിക്കൂർ)

രണ്ടാമത്തെ ബാച്ച് : രാവിലെ 8 മണി മുതൽ ഉച്ചക്ക് 1 മണി വരെയും, വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും (7 മണിക്കൂർ)

മൂന്നാമത്തെ ബാച്ച് : വൈകുന്നേരം 6 മണി മുതൽ രാവിലെ 8 മണി വരെ (14 മണിക്കൂർ)

ഈ രീതിയിൽ ഒരാഴ്ച ജോലി നോക്കുന്നവർക്ക് ഒരു ദിവസം പകലും രാത്രിയും ഉൾപ്പെടെ ജോലി ഇളവ് നൽകുന്നുണ്ട്. കൂടാതെ ആഴ്ചതോറും ഷിഫ്റ്റ് മാറി നൽകുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി റെഫറൽ ആശുപത്രി ആക്കിയപ്പോൾ നഗരത്തിലെ മറ്റ് ആശുപത്രികളിലെ സൗകര്യം വർദ്ധിപ്പിക്കുകയും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. ഇപ്രകാരം സൃഷ്ടിച്ച അധിക തസ്തികകൾ ഉപയോഗിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പേരൂർക്കട സർക്കാർ ആശുപത്രിയിലും തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും പരിഷ്ക്കരിച്ച നിലയിൽ ഷിഫ്റ്റ് സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇവയുടെ സമയക്രമം ഇപ്രകാരമാണ്.

ഒന്നാമത്തെ ബാച്ച് : രാവിലെ 7.30 മുതൽ ഉച്ചക്ക് 1.30 വരെ (6 മണിക്കൂർ)

LIBRARY ARCHIVES Kerala Legislative Assembly